നം.സി3/48250/2013/പി.എച്ച്.ക്യു
പോലീസ് ഹെഡ്ക്വാർട്ടേഴ്സ്
കേരള തിരുവനന്തപുരം
തീയതി: 24.05.2013

## സർക്കുലർ നം.12/2013

വിഷയം:- വൈദ്യുതി ഉപഭോഗം പരമാവധി പരിമിത പ്പെടുത്തുന്നത് -സംബന്ധിച്ച്

മഴയുടെ കുറവും മറ്റു ഊർജ്ജസ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതിയുടെ ലഭ്യതക്കുറവും കേരളത്തെ വളരെ വേഗം ഇരുട്ടിലേയ്ക്കും ഊർജ്ജ പ്രതിസന്ധിയിലേയ്ക്കും തള്ളിവിടുകയാണ്. ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകൾ ഉൾപ്പെടെയുള്ള എല്ലാ പോലീസ് ഓഫീസുകളിലും വൈദ്യുതി ഉപഭോഗം പരമാവധി പരിമിതപ്പെടുത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. സാധാരണ ബൾബുകൾ മാറ്റി സി.എഫ്.എൽ ഉപയോഗിക്കുക. ഊർജ്ജക്ഷമതയുള്ള ലൈറ്റുകളും ട്യൂബുകളും ഉപയോഗിക്കുക.
2. എനർജി ലേബലിൽ നാലോ അഞ്ചോ ☆ ചിഹ്നമുള്ള ഉപകരണങ്ങൾ ഉപയോഗിക്കുക.
3. ആവശ്യമുള്ളപ്പോൾ മാത്രം വിളക്കുകൾ തെളിയിക്കുക. ആവശ്യം കഴിഞ്ഞാലുടൻ അണയ്ക്കുക.
4. ട്യൂബുകളും ലൈറ്റ് ഫിറ്റിംഗുകളും ഇടയ്ക്കിടയ്ക്ക് തുടച്ചു വൃത്തിയാക്കുക.
5. പകൽ സമയങ്ങളിൽ ജനലുകൾ തുറന്നും കർട്ടൻ മാറ്റിയും പകൽ വെളിച്ചം പരമാവധി പ്രയോജനപ്പെടുത്തുക.
6. ഫാനിന്റെ സ്പീഡ് ആവശ്യാനുസരണം ഉപയോഗിക്കുക.
7. ഇലക്ട്രോണിക് റഗുലേറ്ററുകൾ ഉപയോഗിക്കുക.
8. ഉയർന്ന ഊർജ്ജ ക്ഷമതയുള്ള ഫാനുകൾ ഉപയോഗിക്കുക.
9. ഫാനിൽ നിന്നും ശബ്ദമുണ്ടായാൽ ബെയറിംഗ് പരിശോധിച്ച് മാറ്റുക.
10. ഫാനിൽ പറ്റിപ്പിടിക്കുന്ന പൊടി സ്ഥിരമായി തുടച്ചു വൃത്തിയാക്കുക.
11. ജനലുകൾ തുറന്നിട്ട് ഫാനിന്റെ ഉപയോഗം കുറയ്ക്കുക.
12. കംപ്യൂട്ടർ ആവശ്യമുള്ളപ്പോൾ മാത്രം ഓൺ ചെയ്യുക. അനുബന്ധ ഉപകരണങ്ങളായ സ്പീക്കർ, സ്കാനർ, പ്രിൻറർ മുതലായവ ആവശ്യമുള്ളപ്പോൾ മാത്രം ഓണാക്കുക. ഉപയോഗം കഴിഞ്ഞാൽ

കംപ്യൂട്ടറിന്റെ ഇൻകമിംഗ് സ്വിച്ച് തന്നെ ഓഫ് ചെയ്യണം, അധികനേരം സ്റ്റാൻറ്ബൈ മോഡിൽ ഇടരുത്.

13. ഇലക്ട്രോണിക് ഉപകരണങ്ങൾ റിമോട്ട് വഴി ഓഫാക്കിയാലും പവർ സ്വിച്ചും ഓഫാക്കുക.

14. ആവശ്യമുള്ളപ്പോൾ മാത്രം ടി.വി ഓണാക്കുകയും കണ്ട് കഴിയുമ്പോൾ ഓഫാക്കുകയും ചെയ്യുക.

15. സ്പ്ലിറ്റ് എ.സി യിൽ ഇൻഡോർ യൂണിറ്റും ഔട്ട്ഡോർ യൂണിറ്റും തമ്മിലുള്ള ദൂരം കുറയ്ക്കുക. മുറിയുടെ അളവനുസരിച്ച് ശേഷിയുള്ളവ തെരഞ്ഞെടുക്കുക. വാതിലുകൾക്ക് ഡോർ ക്ലോസറുകൾ വയ്ക്കുക. മുറിയുടെ ഭിത്തികൾ മിനുസമുള്ളതും ഇളം നിറമുള്ളതാകയാൽ ഊർജ്ജക്ഷമത കൂടും. എയർഹോളുകൾ നല്ലവണ്ണം അടച്ചും കട്ടികൂടിയ കർട്ടനുകൾ ഇട്ടും ഫാൾസ് സീലിംഗ് ചെയ്ത് ഊർജ്ജക്ഷമത കൂട്ടാം.

16. എ.സി.പ്രവർത്തിപ്പിച്ച് രണ്ടോ മൂന്നോ മണിക്കൂറിനുശേഷം ടൈമർ ഉപയോഗിച്ച് സ്വിച്ച് ഓഫ് ചെയ്യുക. മുറിയിൽ നിന്ന് പുറത്തു പോകുന്നതിന് ഒരു മണിക്കൂർ മുമ്പെങ്കിലും എ.സി ഓഫ് ചെയ്യുക.

മേൽപ്പറഞ്ഞ നിയന്ത്രണ നടപടികളിലൂടെ വൈദ്യുതി ഉപയോഗത്തിൽ 10 ശതമാനമെങ്കിലും കുറച്ചു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. മെച്ചപ്പെട്ട രീതിയിൽ വൈദ്യുതി ലാഭിക്കുന്നവർക്ക് പ്രോത്സാഹനാർത്ഥം പാരിതോഷികം നൽകുന്നതാണ്.

24/5/13

കെ.എസ്.ബാലസുബ്രമണ്യൻ ഐ.പി.എസ്
സംസ്ഥാന പോലീസ് മേധാവി

പകർപ്പ്: എല്ലാ യൂണിറ്റ് മേധാവികളുടേയും അറിവിലേയ്ക്കും അനന്തരനടപടികൾക്കും.

,, പി.എച്ച്.ക്യൂ വിലെ എല്ലാ ഓഫീസർമാരുടേയും സി.എ മാർക്ക്

,, പി.എച്ച്.ക്യൂ മാനേജർ/ഡ്യൂട്ടി ഓഫീസർ എന്നിവരുടെ അറിവിലേയ്ക്കും അനന്തരനടപടികൾക്കും.

,, എല്ലാ സീനിയർ സൂപ്രണ്ടുമാരുടേയും ജൂനിയർ സൂപ്രണ്ടുമാരുടേയും അറിവിലേയ്ക്കും അനന്തരനടപടികൾക്കും.

*ID 22.05 FC 230*